**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2789** **03-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എൽ.ഡി.സി. മുഖേന മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കെ.എൽ.ഡി.സി. മുഖേന മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | കെ.എൽ.ഡി.സി മുഖേന മണലൂർ മണ്ഡലത്തിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. 1. നബാർഡ് ആർ.ഐ.ഡി.എഫ് XX- സേവിംഗ്സ് പ്രോജക്ടിൽ ഉൾപ്പെട്ട മണലൂർ താഴം ഡബിൾ സ്ലൂയിസിന്റെ നിർമ്മാണം. 2. നബാർഡ് ആർ.ഐ.ഡി.എഫ് XX- പദ്ധതിയിൽ ഉൾപ്പെട്ട സേവിംഗ്സ് പ്രോജക്ടായ വിളക്കുമാടം പടവിലെയും എരവ് കൈപ്പള്ളിയിലെയും സ്ലൂയിസ് നിർമ്മാണം. 3. നബാർഡ് ആർ.ഐ.ഡി.എഫ് XXI- പുത്തൻ കോവിലകം മുതൽ അയ്യപ്പൻകാവ് പാലം വരെയുള്ള ഹൈലെവൽ കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ. 4. ആർ.കെ.ഐ.പദ്ധതിയിൽ ഉൾപ്പെട്ട പെരുമ്പുഴ തോടിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി. 5. ആർ.കെ.ഐ.പദ്ധതിയിൽ ഉൾപ്പെട്ട കോട്ടച്ചാലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി. 6. ആർ.കെ.ഐ.പദ്ധതിയിൽ ഉൾപ്പെട്ട ഏനമാക്കൽ ഫേസ് കനാലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി. 7. ആർ.കെ.ഐ.പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ ഇടതു വലതു കടാംതോടിലും പൊണ്ണോത ചാലിലും ആഴം കൂട്ടൽ പ്രവൃത്തി. 8. ആർ.കെ.ഐ.പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ മണലൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ ഇടതു വലതു ചെമ്മീൻ ചാലിൽ ആഴം കൂട്ടലും ഒരു എഞ്ചിൻ തറയുടെ നിർമ്മാണവും, രണ്ട് എഞ്ചിൻ ഷെഡ് നിർമ്മാണവും. 9. തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ മുല്ലശ്ശേരി കനാൽ ഒന്നും രണ്ടും റീച്ചിൽ കനാലിന്റെ ആഴം കൂട്ടൽ പ്രവൃത്തിയും അഞ്ച് എഞ്ചിൻ ഷെഡ് നിർമ്മാണവും. 10. നബാർഡ് ആർ.ഐ.ഡി.എഫ്.XX-പദ്ധതിയിൽ ഉൾപ്പെട്ട സേവിംഗ്സ് തുക ഉപയോഗപ്പെടുത്തി പതിയാർകുളങ്ങരയിൽ മൂന്ന് സ്പാനോടുകൂടി ബോക്സ് കൾവർട്ട് നിർമ്മാണവും നടന്നുവരുന്നു. |
| (ബി) | മുല്ലശ്ശേരി കനാലിൽ പതിയാർ കുളങ്ങര പാലം | (ബി) | മുല്ലശ്ശേരി കനാലിൽ മൂന്നു സ്പാനോടുകൂടിയ ബോക്സ് |

| | | | |
|---|---|---|---|
| | നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്? | | കൾവർട്ടിന്റെ നിർമ്മാണം 80% പൂർത്തിയാക്കിയിട്ടുണ്ട്. കാലവർഷത്തിൽ വെള്ളം ഉയർന്നതിനാൽ പ്രവൃത്തി തൽക്കാലം നിർത്തി വച്ചിരിക്കുകയാണ്. മഴ കുറയുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ